# KSTA-MALAPPURAM
# SSLC ONLINE MODEL EXAM
# SOCIALSCIENCE -ANSWER KEY

| SL:NO | ANSWER | MARKS |
|---|---|---|
| 1 | a .ഗോമുഖ്<br>b .റൂസോ<br>c. ശൈത്യ അയനാന്തം<br>d.ഡോ.ഡി.എസ് കോത്താരി കമ്മീഷൻ<br>e.ഉപദ്വീപീയ പീഠഭൂമി<br>f. നിസഹകരണ പ്രസ്ഥാനം<br>g. ജനന നിരക്ക്.<br>h. രാഷ്ട്രപതി<br>i .ഈ രേഖയെ അടിസ്ഥാനമാക്കിയാണ് ലോക സമയം നിർണയിക്കുന്നത്.<br>J. ലാഹോർ<br>k. മഹിളാ ബാങ്ക്<br>l.ലീഗൽ മെട്രോളജി വകുപ്പ് | 1 |
| 2 | ലംബ തലത്തിൽ നിന്ന് കണക്കാക്കിയാൽ ഭൂമിയുടെ അച്ചുതണ്ടിന് 23 1/2 ° ചരിവുണ്ട്. പരിക്രമണതലത്തിൽ 66 1/2 °യും.പരിക്രമണ വേളയിലുടനീളം ഭൂമി ഈ ചെരിവ് നിലനിർത്തുന്നു.ഇതിനെയാണ് അച്ചുതണ്ടിൻ്റെ സമാന്തരത എന്ന് പറയുന്നത് | 3 |
| 3 | 3. കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ മാത്രമായിരിക്കണം.<br>കോളനികളിൽ ഉത്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി ,പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.<br>കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാന പത്രങ്ങൾ, ലഘുലേഖകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിൻ്റെ സ്റ്റാമ്പ് പതിക്കണം.<br>കോളനിയിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലീഷുകാരുടെ സൈന്യത്തിനുള്ള താമസ സ്ഥലവും അത്യാവശ്യ സൗകര്യങ്ങളും കോളനിക്കാർ നൽകണം.<br>കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില ഗ്ലാസ് കടലാസ് എന്നിവയ്ക്ക് ഇറക്കുമതി ചുങ്കം നൽകണം. | |

| | | |
|---|---|---|
| | (ഏതെങ്കിലും മൂന്നെണ്ണം) | |
| 4 | . പൂർവ്വ ഘട്ടത്തിനും ബംഗാൾ കടലിനുമിടയിൽ.<br>സുന്ദരവനം മുതൽ കന്യാകുമാരി വരെ.<br>വീതി താരതമ്യേനെ കൂടിയത്. കോറമാണ്ടൽ തീരം സമതലം വടക്കൻ സിർക്കാർസ് തീരസമതലം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. ഡെൽറ്റ പ്രദേശങ്ങളുടെ രൂപീകരണം നടക്കുന്നു.<br>വടക്ക് കിഴക്കൻ മൺസൂണി ന്റെ സ്വാധീനം<br>(ഏതെങ്കിലും മൂന്നെണ്ണം ) | |
| 5 | സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുള്ള എതിർപ്പ്. വംശീയ വാദത്തോട് ഉള്ള വിദ്വേഷം. ഐക്യരാഷ്ട്ര സഭയിൽ ഉള്ള വിശ്വാസം.<br>സമാധാനപരമായ സഹവർത്തിത്വം.<br>പഞ്ചശീല തത്വങ്ങൾ.<br>വിദേശ സഹായത്തിന് ആവശ്യകതയിൽ ഉള്ള ഊന്നൽ.<br>ചേരിചേരായ്മ | |
| 6 | വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു.<br>സാങ്കേതികവിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു.<br>മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാൻ ആകുന്നു. | |
| 7 | ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു. സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.<br>ജനക്ഷേമം ഉറപ്പുവരുത്തുന്നു.<br>ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു. | |
| 8 | ചമ്പാരൻ സത്യാഗ്രഹം. ഖേദ കർഷക സമരം.<br>അഹമ്മദാബാദ് കോട്ടൺ മിൽ സമരം | |
| 9 | ഹിമാദ്രി --ഏറ്റവും ഉയരം കൂടിയ പർവ്വത നിര. ശരാശരി ഉയരം 6000 മീറ്റർ .ഗംഗാ യമുന നദികളുടെ ഉത്ഭവസ്ഥാനം, നിരവധി കൊടുമുടികൾ സ്ഥിതി ചെയ്യുന്നു.<br>ഹിമാചൽ - ഹിമാദ്രി യുടെ തെക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നു, ശരാശരി ഉയരം 3000 മീറ്റർ സുഖവാസകേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നു.<br>സിവാലിക് - ഹിമാചലിന് തെക്കുഭാഗത്തായി .ശരാശരി ഉയരം 1220 മീറ്റർ നീളം ഏറ്റവും വിസ്തൃതമായ താഴ്‌വരകൾ കാണപ്പെടുന്നു. | |
| 10 | വേനലിന്റെ തീക്ഷ്ണതയിൽ നിന്ന് ശൈത്യത്തിലേക്കുള്ള മാറ്റത്തിന്റെ | |

| | | |
|---|---|---|
| | കാലമാണ് ഹേമന്തകാലം.<br>അന്തരീക്ഷ ഊഷ്മാവ് ഗണ്യമായി കുറയുന്നു.<br>മരങ്ങൾ പൊതുവേ ഇല പൊഴിക്കുന്നു | |
| 11 | ഒന്നാം ലോകമഹായുദ്ധത്തിൽ നിന്ന് പിന്മാറി. പ്രഭുക്കന്മാരുടെ കൈവശമിരുന്ന ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.<br>ഫാക്ടറികൾ ബാങ്കുകൾ ഗതാഗത സൗകര്യങ്ങൾ വിദേശവ്യാപാരം എന്നിവ പൊതു ഉടമസ്ഥതയിൽ ആക്കി | |
| 12 | ശാസ്ത്ര വ്യവസായിക ഗവേഷണ സമിതി.<br>ഇന്ത്യൻ കാർഷിക ഗവേഷണ സമിതി.<br>ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ബയോമെഡിക്കൽ എൻജിനീയറിങ് ജനിതകശാസ്ത്രം ജൈവസാങ്കേതികവിദ്യ ആരോഗ്യം ഗതാഗതം വിവരസാങ്കേതികവിദ്യ ആണവോർജ്ജം എന്നീ മേഖലകളിൽ ഇന്ത്യ നേട്ടം കൈവരിച്ചു | |
| 13 | ബ്രിട്ടീഷ് സർക്കാറിന് നികുതി വരുമാനത്തിന്റെ അഞ്ചിൽ രണ്ട് ഭാഗവും ഉപ്പിനു മേൽ ചുമത്തുന്ന നികുതി ആയിരുന്നു. ദരിദ്രർക്ക് വലിയ ഭാരമായിരുന്നു നികുതി.<br>തദ്ദേശീയരായ ചെറുകിട ഉൽപാദകർക്ക് മേൽ ഉപ്പ് ഉണ്ടാക്കുന്നതിന് നിരോധനമേർപ്പെടുത്തി. വില മൂന്നു മടങ്ങ് വർദ്ധിച്ചു. സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു മുദ്രാവാക്യമായിരുന്നു ഇത്. | |
| 14 | മെഡിക്കൽ കോളേജുകൾ<br>ജില്ലാ ആശുപത്രികൾ<br>സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ<br>പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ<br>ആരോഗ്യ ഉപകേന്ദ്രങ്ങൾ | |
| 15 | ലയന കരാർ. അനുരഞ്ജന ചർച്ച .സൈനികനടപടി | |
| 16 | ഭൂപ്രദേശങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ സവിശേഷതകൾ വിശകലനം ചെയ്യുന്നതിന്<br>സൈനിക പ്രവർത്തനങ്ങൾക്കും സൈനിക ഭൂപടങ്ങളുടെ നിർമാണത്തിനും<br>നഗരാസൂത്രണ പ്രവർത്തനങ്ങൾക്ക്<br>ഒരു പ്രദേശത്തിന്റെ പ്രകൃതിദത്തവും മനുഷ്യനിർമ്മിതമായ വിഭവങ്ങൾ കണ്ടെത്തി പഠിക്കുന്നതിന് | |
| 17 | നോട്ട് അച്ചടിക്കൽ<br>വായ്പ നിയന്ത്രിക്കൽ ,സർക്കാരിന്റെ ബാങ്ക്, ബാങ്കുകളുടെ ബാങ്ക് | |
| 18 | സമീന്ദാർ നികുതി പിരിച്ചു. | |

| | | |
|---|---|---|
| | യഥാർഥ കർഷകർ കുടിയാന്മാരായി .വിളവിന്റെ 60 ശതമാനം നികുതി നൽകണം. നികുതി പണമായി നൽകണം | |
| 19 | വ്യക്തികൾ<br>കുടുംബം<br>വിവിധ സ്ഥാപനങ്ങളും ഏജൻസികളും<br>രാഷ്ട്രം | |
| 20 | യന്ത്ര നിർമ്മിത തുണിയുടെ ഇറക്കുമതി.<br>യന്ത്ര നിർമ്മിത തുണിത്തരങ്ങളുടെ വിലക്കുറവ്.<br>റെയിൽവേയുടെ വികസനം.<br>പരമ്പരാഗത നെയ്ത്തുകാർക്ക് വിപണി നഷ്ടമായി.<br>ഉയർന്ന കയറ്റുമതി നികുതി. | |
| 21 | മുതിർന്നവരെ ബഹുമാനിക്കാനും സമൂഹ സേവനത്തിൽ ഏർപ്പെടാനും നാം പഠിക്കുന്നു.<br>കർത്തവ്യബോധം വളർത്തുന്നു | |
| 22 | താപനില -10 ഡിഗ്രി സെൽഷ്യസ് 26 ഡിഗ്രി സെൽഷ്യസ്<br>മഴ -75 സെ. മി<br>മണ്ണ്- നീർവാർച്ചയുള്ള എക്കൽ മണ്ണ് | |
| 23 | ബാഹ്യ നിയന്ത്രണങ്ങളില്ലാതെ അഭ്യന്തര വിഷയങ്ങൾ തീരുമാനമെടുക്കാനും അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായി തീരുമാനം എടുക്കാനുള്ള പൂർണമായ അധികാരം ആണ് പരമാധികാരം.<br>അഭ്യന്തര തലം ബാഹ്യതലം | |
| 24 | ഉയർന്ന പലിശ<br>നിശ്ചിത കാലാവധിക്ക് ശേഷം മാത്രം പിൻവലിക്കാൻ സാധിക്കുകയുള്ളൂ.<br>കാലാവധി കൂടുന്നതിനനുസരിച്ച് നിക്ഷേപത്തിന് പലിശ കൂടും. | |
| 25 | ഫോർവേഡ് പാർട്ടി രൂപീകരിച്ചു .ഐഎൻഎയുടെ നേതൃത്വം നേതാജി ഏറ്റെടുത്തു .സിംഗപ്പൂരിൽ വെച്ച് സ്വതന്ത്രഭാരതത്തിലെ ഒരു താൽക്കാലിക ഗവൺമെന്റ് സുഭാഷ് ചന്ദ്രബോസിൻെറ നേതൃത്വത്തിൽ രൂപം നൽകി, | |
| 26 | മാർച്ച് 21 - സമരാത്രദിനം, സൂര്യരശ്മികൾ ഭൂമധ്യരേഖയ്ക്ക് നേർമുകളിൽ, രാത്രിയുടെയും പകലിനെയും ദൈർഘ്യം തുല്യമായിരിക്കും.<br>ജൂൺ 21 - ഗ്രീഷ്മ അയനാന്ത ദിനം ,സൂര്യരശ്മികൾ ഉത്തരായനരേഖ യിൽ ലംബമായി പതിക്കുന്നു ,ഉത്തരാർദ്ധഗോളത്തിൽ പകലിന്റെ നീളം കൂടുന്നു.<br>സെപ്റ്റംബർ 23 സമരാത്രദിനം<br>ഡിസംബർ 22 ശൈത്യ അയനാന്ത ദിനം. സൂര്യരശ്മികൾ ദക്ഷിണായനരേഖ യുടെ നേർമുകളിൽ ലംബമായി പതിക്കുന്നു | **4** |
| 27 | തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. പ്രകൃതിവിഭവങ്ങൾ ശരിയായി | |

| | | |
|---|---|---|
| | വിനിയോഗിക്കപ്പെടുന്നു. ചികിത്സാചെലവുകൾ കുറയുകയും അതുവഴി സർക്കാരിന് സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയുന്നു. ഉൽപാദന വർദ്ധനവ് സാമ്പത്തിക വികസനം സാധ്യമാകും. | |
| 28 | ശ്രേണി പരമായ സംഘാടനം<br>സ്ഥിരത<br>യോഗ്യത അടിസ്ഥാനമാക്കി നിയമനം ,രാഷ്ട്രീയ നിഷ്പക്ഷത .വൈദഗ്ധ്യം. | |
| 29 | ഓരോ പ്രദേശത്തും സൂര്യന്റെ ഉച്ച നിലയെ ആധാരമാക്കി നിർണയിക്കുന്ന സമയമാണ് പ്രാദേശികസമയം എന്ന് പറയുന്നത്.<br>8.30 am<br>( 2pm - 5.30 hrs = 8.30am) | |
| 30 | പ്രാഥമിക വിദ്യാഭ്യാസത്തിനു തുടർ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം, പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവത്രികം ആക്കാനും സ്കൂളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കണം.<br>ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം, പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം. | |
| 31 | ജവഹർലാൽ നെഹ്റു<br>ചൈനീസ് പ്രധാനമന്ത്രി ചൗ ഇൻ ലായ്.<br>രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക. പരസ്പരം ആക്രമിക്കാതെ ഇരിക്കുക. അഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക. സമത്വം പരസ്പര സഹായവും പുലർത്തുക. സമാധാനപരമായ സഹവർത്തിത്വം പാലിക്കുക. | |
| 32 | പിൽക്കാല വിപ്ലവങ്ങൾക്ക് ആവേശംപകർന്നു ,ഫ്യൂഡൽ വ്യവസ്ഥയുടെ അ ന്ത്യ o. ജനകീയ പരമാധികാരം. ദേശീയതയുടെ ആവിർഭാവം. മധ്യവർഗത്തിന് വളർച്ച. സ്വേച്ഛാധിപത്യത്തിന് ഭീഷണിയായി. | |
| 33 | ജനങ്ങൾ തദ്ദേശീയമായ ഉല്പന്നങ്ങൾ നിർമിക്കുകയും ചർക്കയിൽ നൂൽ നൂറ്റ് ഖാദി വസ്ത്രങ്ങൾ നെയ്യുകയും ചെയ്തു. ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ചു.ഹിന്ദി പ്രചരിപ്പിച്ചു. ആയിത്തോച്ചാടന പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായിരുന്നു. | |
| 34 | . ഒന്നാം കൊണ്ടിനെന്റൽകോൺഗ്രസ്<br>സ്വാതന്ത്ര്യ പ്രഖ്യാപനം<br>രണ്ടാം കൊണ്ടിനെന്റൽ കോൺഗ്രസ്<br>പാരിസ് ഉടമ്പടി | |
| 35 | ധാതുക്കളുടെ കലവറ. ഉറപ്പേറിയ ശിലകളാൽ നിർമ്മിതം .പർവ്വതങ്ങൾ പീഠഭൂമികൾ താഴ്വരകൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഭൂപ്രകൃതി | |

| | | |
|---|---|---|
| | കാണപ്പെടുന്നു.ആനമുടി ആണ് ഈ മേഖലയിലെ ഏറ്റവും ഉയരമേറിയ കൊടുമുടി.<br>തെക്ക് ഭാഗം ഉയരം കൂടുതലാണ് .കിഴക്കോട്ട് ചെരിവുള്ള അതിനാൽ ഇവിടെ നിന്ന് ഉത്ഭവിക്കുന്ന നദികൾ കിഴക്കോട്ടൊഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു. | |
| 36 | ഭൂസ്ഥിര ഉപഗ്രഹങ്ങൾ<br>ഭൂമിയിൽ നിന്നും 36000 കിലോമീറ്റർ ഉയരം<br>ഭൂമിയുടെ ഭ്രമണ വേഗത യ്ക്ക് തുല്യമായി വലംവയ്ക്കുന്നു. ഭൂഗോളത്തിലെ മൂന്നിലൊന്ന് നിരീക്ഷണ പരിധിയിൽ വരുന്ന .ദിനാന്തരീക്ഷസ്ഥിതി വ്യത്യാസം മനസ്സിലാക്കാനും വാർത്താവിനിമയത്തി നും ഉപയോഗിക്കുന്നു,<br>ഇൻസാറ്റ് ഉപഗ്രഹങ്ങൾ ഉദാഹരണമാണ്.<br>സൗരസ്ഥിര ഉപഗ്രഹങ്ങൾ ഭൂമിയിൽ നിന്നും 800 കിലോമീറ്റർ ഉയരത്തിൽ, ഉത്തര-ദക്ഷിണ ധ്രുവങ്ങളെ ചുറ്റി സഞ്ചരിക്കുന്ന ,ഭൂസ്ഥിര ഉപഗ്രഹങ്ങൾ കുറഞ്ഞ നിരീക്ഷണ പരിധിവരെ പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരണത്തിന് ഉപയോഗിക്കുന്നു, ലാൻഡ് സാറ്റ് ഉപഗ്രഹങ്ങൾ എന്നിവ ഉദാഹരണം. | |
| 37 | MAP | |
| 38 | അഡോൾഫ് ഹിറ്റ്ലർ – ഗസ്റ്റപ്പോ<br>വേഴ്സായി സന്ധി - ഒന്നാംലോകമഹായുദ്ധം<br>സോവിയറ്റ് യൂണിയന്റെ തകർച്ച - മിഖായേൽ ഗോർബച്ചേവ്<br><br>ബെനിറ്റോ മുസോളിനി - ഇറ്റലി | |
| 39 | റഷ്യൻ വിപ്ലവം<br>കാരണങ്ങൾ<br>സർ ചക്രവർത്തിമാരുടെ ഏകാധിപത്യം<br>കർഷകരുടെയും തൊഴിലാളികളുടെയും ദുരിതപൂർണമായ ജീവിതം<br>ഫെബ്രുവരി വിപ്ലവം<br>1914 ലെ ഒന്നാം ലോകമഹായുദ്ധത്തെ തുടർന്ന് ചക്രവർത്തി നിക്കോളാസ് രണ്ടാമൻ യുദ്ധത്തിൽ പങ്കെടുക്കാൻ തീരുമാനിക്കുകയും അനേകം റഷ്യൻ സൈനികർ കൊല്ലപ്പെടുകയും ചെയ്തു .ആയിരക്കണക്കിന് സ്ത്രീകൾ തെരുവീഥികളിൽ പ്രകടനം നടത്തി .പെട്രോൾ റോഡ് പട്ടണത്തിൽ തൊഴിലാളികൾ പ്രതിഷേധ പ്രകടനം നടത്തി പട്ടണം പിടിച്ചെടുത്തു. മെൻഷൻ നേതാവായ അലക്സാണ്ടർ കറൻസിയുടെ നേതൃത്വത്തിൽ ഒരു താൽക്കാലിക ഗവൺമെന്റ് നിലവിൽവന്നു .ഇത് ഫെബ്രുവരി വിപ്ലവം എന്ന് അറിയപ്പെടുന്നു | **6** |

| | | |
|---|---|---|
| | ഒക്ടോബർ വിപ്ലവം 1917 ൽ ബോൾഷെവിക്കുകൾ താൽക്കാലിക ഗവൺമെന്റിന് എതിരായി സായുധ കലാപം ആരംഭിച്ച് രാജ്യം വിട്ടു പോവുകയും നിയന്ത്രണത്തിലാവുകയും ചെയ്തു ഈ സംഭവം ഒക്ടോബർ വിപ്ലവം എന്ന പേരിൽ അറിയപ്പെടുന്നു | |
| 40 | ഭരണരംഗത്തെ ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഉപയോഗം ആണ് ഈ ഗവർണൻസ് എന്ന പേരിൽ അറിയപ്പെടുന്നത്.<br>സേവനത്തിനായി കാത്തു നിൽക്കേണ്ടതില്ല ,വിവരസാങ്കേതികവിദ്യയുടെ സേവ് സഹായത്താൽ സേവനം നേടാം, സർക്കാർ സേവന കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു .ഓഫിസുകളുടെ കാര്യക്ഷമത വർധിക്കുന്നു. | |
| 41 | ആഗോള മർദ്ദ മേഖലകൾ<br>ചില അക്ഷാംശങ്ങൾക്കിടയിൽ അന്തരീക്ഷമർദ്ദം ഏറെക്കുറെ ഒരുപോലെയാണ് ,അതിന്റെ അടിസ്ഥാനത്തിൽ ഭൗമോപരിതലത്തിലെ വിവിധ മേഖലകളായി തിരിച്ചിരിക്കുന്നു ,അവ ആഗോള മർദ്ദമേഖലകൾ എന്നറിയപ്പെടുന്നു.<br>മധ്യരേഖ ന്യൂനമർദ്ദ മേഖല.<br>ഭൂമധ്യരേഖയ്ക്ക് തെക്ക് 5 ഡിഗ്രി മുതൽ വടക്ക് 5 ഡിഗ്രി വരെ, അക്ഷാംശങ്ങൾക്കിടയിൽ വായു വൻതോതിൽ മുകളിലേക്ക് പോകുന്നു എന്നതുകൊണ്ട് ഇവിടെ കാറ്റുകൾ തീരെ ദുർബലമാണ് .കാടുകളില്ലാത്ത മേഖല എന്ന അർത്ഥത്തിൽ നിർവാതമേഖല എന്നാണ് ഇവിടെ അറിയപ്പെടുന്നത്, | |
| 42 | വൈദേശിക ആക്രമണങ്ങളിൽ നിന്ന് നമ്മെ സംരക്ഷിക്കുന്നു. മൺസൂൺ കാറ്റുകളെ തടഞ്ഞു നിർത്തി മഴ പെയ്യുന്നു. വടക്കുനിന്നു വരുന്ന വരണ്ട ശീത കാറ്റിനെ ഇന്ത്യയിലേക്ക് കടക്കാതെ ചെറുക്കുന്നു .വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ കാണപ്പെടുന്നു .ഉത്തരേന്ത്യൻ നദികളുടെ ഉത്ഭവസ്ഥാനം. ഉയരമേറിയ കൊടുമുടികളും സുഖവാസ കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന സഞ്ചാരികളെ ആകർഷിക്കുന്നു. | |